**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2093** **11-10-2021 - ൽ മറുപടിയ്ക്ക്**

**മാരക രാസവസ്തുക്കൾ ചേർത്ത മത്സ്യം വില്പന നടത്തുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കർണ്ണാടക അതിർത്തി പങ്കിടുന്ന കാസർഗോഡ് ജില്ലയിൽ വ്യാപകമായ തോതിൽ അമോണിയ ഉൾപ്പെടെയുള്ള മാരക രാസവസ്തുക്കൾ ചേർത്ത മത്സ്യം യഥേഷ്ടം വില്പന നടത്തുന്നത് തടയാനും ഇവ പിടിച്ചെടുക്കാനും നടപടികൾ ഉണ്ടാകുമോ? | (എ) | സംസ്ഥാനത്ത് രാസപദാർത്ഥങ്ങൾ കലർത്തിയ മത്സ്യം വിൽപന നടത്തുന്നത് തടയുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ് ഓപ്പറേഷൻ സാഗർ റാണി. ഈ പദ്ധതിയുടെ ഭാഗമായി ഹാർബറുകൾ, മത്സ്യ മൊത്ത വിതരണ കേന്ദ്രങ്ങൾ, മത്സ്യ മാർക്കറ്റുകൾ, ചെക്ക് പോസ്റ്റുകൾ എന്നിവിടങ്ങളിൽ നിരന്തരം പരിശോധനകൾ നടത്തുകയും ആയതിന്റെ ഫലമായി രാസ പദാർത്ഥങ്ങൾ കലർന്ന മത്സ്യത്തിന്റെ വരവ് ഗണ്യമായി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. ഇത്തരം പരിശോധനകളിൽ രാസ പദാർത്ഥങ്ങളുടെ സാന്നിധ്യം കണ്ടെത്തുന്ന പക്ഷം 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള അഡ്ജ്യൂഡിക്കേഷൻ/പ്രോസിക്യൂഷൻ നടപടികൾ സ്വീക രിച്ച് വരുന്നു. അതിർത്തി കടന്നെത്തുന്ന ഭക്ഷ്യവസ്തു ക്കളിലെ മായം പരിശോധിയ്ക്കുന്നതിനായി ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികൾ പ്രവർത്തിച്ചുവരുന്നു. ഈ ലബോറട്ടറി കളിൽ ഭക്ഷ്യവസ്തുക്കളിലെ മായം പെട്ടെന്ന് കണ്ടു പിടിയ്ക്കുന്നതിനുള്ള ക്വിക്ക് അഡൽറ്ററേഷൻ ടെസ്റ്റുകൾ നടത്തിവരുന്നു. Central Institute of Fisheries Technology (CIFT) വികസിപ്പിച്ചെടുത്തതും കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി അംഗീകരിച്ചതുമായ അമോണിയ/ ഫോർമാലിൻ കിറ്റ് ഉപയോഗിച്ചും തത്സമയ മത്സ്യ പരിശോധനകൾ നടത്തി വരുന്നു. ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിയ്ക്കുന്ന അനലിറ്റിക്കൽ ലബോറട്ടറികളിൽ മത്സ്യങ്ങളിലെ ഫോർമാലിൻ എന്ന രാസ വസ്തു പരിശോധിയ്ക്കുന്നതിനായി HPLC (High Performance Liquid Chromotograph) എന്ന ഉപകരണം പ്രവർത്തിപ്പിച്ച് വരുന്നു. കാസർഗോഡ് |

| | | | |
|---|---|---|---|
| | | | ജില്ലയിൽ കഴിഞ്ഞ ഒരു വർഷമായി 52 മത്സ്യ പരിശോധനകൾ നടത്തുകയും 36 മത്സ്യ സാമ്പിളുകൾ ശേഖരിച്ച് ലാബ് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളതുമാണ്. Central Institute of Fisheries Technology (CIFT) വികസിപ്പിച്ചെടുത്തതും കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി അംഗീകരിച്ചതുമായ അമോണിയ / ഫോർമാലിൻ കിറ്റ് ഉപയോഗിച്ച് 24 തത്സമയ പരിശോധനകളും നടത്തിയിട്ടുണ്ട്. ടി പരിശോധ നകളിലൊന്നും തന്നെ മാരക രാസപദാർത്ഥങ്ങളുടെ സാന്നിധ്യം കണ്ടെത്താനായിട്ടില്ല. |

സെക്ഷൻ ഓഫീസർ